ഭരണഭാഷ-മാതൃഭാഷ

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയംഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

CG & AC/2103 /2018/HSE

തീയതി :04/07/2018

## സർക്കുലർ

വിഷയം : ഡി.എച്ച്.എസ്.ഇ.- വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി നിർവ്വഹണം- കരിയർ ഗൈഡുമാരുടെയും,സൗഹൃദ കോ- ഓർഡിനേറ്റർമാരുടെയും യോഗം -സംബന്ധിച്ച്.

സൂചന-സർക്കുലർ നം.CG & AC/2103 /2018/HSE Dated:28/06/2018

2018-19 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കരിയർ ഗൈഡുമാരുടെയും,സൗഹൃദ കോ-ഓർഡിനേറ്റർമാരുടെയും വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിലുള്ള യോഗം 05/07/2018 ന് നടത്തുന്നത് സംബന്ധിച്ച അറിയിപ്പ് സൂചന സർക്കുലർ പ്രകാരം നൽകിയിട്ടുള്ളതാണ്.ഈ സർക്കുലർ സൂചിപ്പിച്ചിട്ടുള്ള എറണാകുളം വിദ്യാസജില്ലയിലെ **സെന്റ് തെരാസാസ് ഹയർ സെക്കണ്ടറി സ്കൂളിലെ യോഗം സെന്റ്റ് ആൽബർട്ടിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടുള്ളതാണ്**.പദ്ധതി നിർവ്വഹണ മോഡ്യൂൾ വിദ്യാഭ്യാസ ജില്ലാ കൺവീനർമാർക്ക് ഇ-മെയിൽ മുഖേന നൽകിയിട്ടുള്ളതുമാണ്. ഈ മോഡ്യൂൾ പ്രകാരം, സ്കൂൾതല പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ പ്രയോജനം വിദ്യാർത്ഥികൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിനും കരിയർ,സൗഹൃദ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നവംബർ 30-ാം തിയതിക്കകം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ യോഗത്തിൽ ചർച്ച ചെയ്ത് കൈ കൊള്ളേണ്ടതാണ്. ഇതിലേയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അലോട്ട്മെന്റ് മുഖേന ജൂലൈ അവസാനത്തോടെ സ്കൂളുകളിൽ ലഭ്യമാക്കുന്നതാണ്. ഈ വർഷം SITAR പദ്ധതിയിൽ ഫോട്ടോഗ്രാഫിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർത്ഥികളെ സ്കൂൾതല സെലക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഈ-മെയിൽ സന്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഫ്റ്റർ +2 കൈപുസ്തകം എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കും C-apt തിരുവനന്തപുരത്തു നിന്നും മാർച്ച് മാസത്തോടെ അയച്ചിട്ടുണ്ട്. സർക്കുലർ നവ സി.ജി &എ.സി 22818/2018 തിയതി 07/05/2018 പ്രകാരമുള്ള രസീത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കരിയർ ഗൈഡുമാർക്ക് നൽകേണ്ടതാണ്.

യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ ജില്ല അടിസ്ഥാനത്തിലുള്ള സ്കൂൾ പട്ടിക വിദ്യാഭ്യാസ ജില്ലാ കൺവീനർമാർക്ക് ഇ-മെയിൽ മുഖേന നൽകിയിട്ടുള്ളതുമാണ്.

വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ എഡിറ്റ് ചെയ്യാവുന്ന പട്ടികയിൽ ആവശ്യമായ കൂട്ടിച്ചേർക്കൽ, തിരുത്തൽ, ഒഴിവാക്കലുകൾ വരുത്തി ഹാജർ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. നിലവിൽ കരിയർ ഗൈഡ് യൂണിറ്റ്, സൗഹൃദ ക്ലബ് എന്നിവയുള്ള സ്കൂളുകളിൽ നിന്നും പ്രാതിനിധ്യം ഇല്ലായെങ്കിൽ ആബ്സെന്റ് രേഖപ്പെടുത്തേണ്ടതാണ്. ഈ അദ്ധ്യയന വർഷം കരിയർ ഗൈഡൻസ് യൂണിറ്റ് പ്രവർത്തനമില്ലാത്ത എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. ഇത്തരം സ്കൂളുകളിൽ നിന്നുള്ള പ്രാതിനിധ്യം പ്രത്യേകം അടയാളപ്പെടുത്തലോടെ രേഖപ്പെടുത്തേണ്ടതുമാണ്. ഹാജർ വിശദാംശം അതാത് വിദ്യാഭ്യാസ ജില്ലാ കൺവീനർമാർ cgacdhse@gmail.com മെയിൽ ചെയ്യേണ്ടതുമാണ്.

Sd/-
*സ്റ്റേറ്റ് കോ- ഓർഡിനേറ്റർ*
*കരിയർ ഗൈഡൻസ് & അഡോളസെന്റ്*
*കൗൺസിലിംഗ് സെൽ*